പാരമ്പര്യശില്പകല അറിവാണ്

30 വർഷത്തെ ആർക്കിടെക്ചർ അനുഭവസമ്പത്തുമായി ഡോ. ബെന്നി കുര്യാക്കോസ് എഴുതുന്നു.

കോൺക്രിറ്റ് റൂഫിനെപ്പറ്റിയുള്ള സംശയങ്ങൾ അകറ്റാം. റൂഫിങ്ങിൽ എന്താണു ചെയ്യേണ്ടതെന്നു തീരുമാനിക്കാം.

ഇന്ത്യയിലുള്ള ഇന്ത്യക്കാർക്കുവേണ്ടി ഡിസൈൻ ചെയ്യുമ്പോൾ ഇന്ത്യക്കാരെപ്പോലെ വേണം ചിന്തിക്കാൻ', എന്നു പറഞ്ഞത് മറ്റാരുമല്ല. സാക്ഷാൽ ലാറി ബേക്കർ തന്നെ. "ഇവിടെ കാണുന്ന കെട്ടിടങ്ങൾക്ക്, കേരളത്തിലെ ഒരു സാധാരണക്കാരന്റെ ജീവിതവുമായോ ഇവിടത്തെ കാലാവസ്ഥയുമായോ അല്പമെങ്കിൽ ഇവിടെ ലഭ്യമായ സാമഗ്രികളുമായോ യാതൊരു ബന്ധവും എനിക്ക് കാണാൻ കഴിയുന്നില്ല." അദ്ദേഹം പറഞ്ഞു.

നമ്മുടെ പാരമ്പര്യ വാസ്തുശില്പകല മനോഹരവും സമ്പന്നവുമാണ്. കാലാവസ്ഥ, പ്രാദേശികമായ നിർമാണ സാമഗ്രികൾ, സാമൂഹ്യ സാമ്പത്തിക ബന്ധങ്ങൾ... ഇവയൊക്ക ആസ്പദമാക്കിയാണ് പരമ്പരാഗത വാസ്തുശില്പകല രൂപപ്പെട്ടുവന്നത്. മുള, മണ്ണ്, കുമ്മായം, കല്ല്, ഇഷ്ടിക, ഓല എന്നിവ ആവശ്യാനുസരണം ഉപയോഗിച്ചുപോന്നിരുന്നു.

ചരിഞ്ഞ മേൽക്കൂര

കേരളത്തിലെ പഴയ കെട്ടിടങ്ങളുടെ ഏറ്റവും ശ്രദ്ധേയമായ കാര്യം ചരിഞ്ഞ മേൽക്കൂരകൾ തന്നെയാണ്. മേൽക്കൂരയാണ് ആശ്രയിയെ സംബന്ധിച്ച് ഏറ്റവും പ്രധാനവും വിഷമം പിടിച്ചതുമായ ഭാഗം. അത് താഴേക്ക് നന്നായി ഊറ്റി നിന്നിരുന്നതിനാൽ ചുവരുകളെ മഴയിൽ നിന്നും സൂര്യനിൽ നിന്നും സംരക്ഷിച്ച് അകത്തളങ്ങളെ കുളിർമയുള്ള താക്കുമായിരുന്നു.

പഴയ കാലത്ത് സമ്പന്നരായ ആളുകൾ നാലുകെട്ടുകളിലാണ് ജീവിച്ചിരുന്നത്. രണ്ടു നാലുകെട്ടുകൾ ഉണ്ടായിരുന്നവ 'എട്ടുകെട്ടുകൾ' ആയി. നടുമുറ്റത്തിന്റെ വലുപ്പവും അവയുടെ എണ്ണവും അനുസരിച്ചായിരുന്നു വീടുകളുടെ വലുപ്പവും.

നടുമുറ്റത്തിനു ചുറ്റുമായി നാലു വശങ്ങളിലും വരാന്ത ഉണ്ടായിരുന്നു. മുറികളിൽ ആവശ്യത്തിനു വെളിച്ചവും വായു സഞ്ചാരവും ഉണ്ടെന്ന് ഉറപ്പാക്കിയിരുന്നു നടുമുറ്റങ്ങൾ. എല്ലാ പഴയ വീടുകളിലും അടുക്കള, വീടിന്റെ വടക്കു കിഴക്കേ മൂലയിലായിരുന്നു. കേരളത്തിൽ കാറ്റു വീശുന്നത് തെക്കു പടിഞ്ഞാറേ ദിശയിലാണ് എന്നതുകൊണ്ടാണ് അടുക്കള ഇങ്ങനെ ക്രമീകരിച്ചിരുന്നത്. അതുകൊണ്ട് അടുക്കളയിലെ പുക മുറ്റത്തേക്ക് മാറിപ്പോകും. മിക്കവാറും വീടുകൾക്ക് ഓടിട്ട മേൽക്കൂരകൾ ആയിരുന്നതിനാൽ, അടുക്കളയിൽ തീ പടർന്നാലും അതു മറ്റു ഭാഗങ്ങളിലേക്ക് പടരാൻ ഇടവരികയില്ല. സാധാരണയായി അടുക്കളയ്ക്കകത്തായിരുന്നു കിണറും ഉണ്ടായിരുന്നു.

നടുമുറ്റമുള്ള വീടുകളിൽ പ്രധാനപ്പെട്ട ലിവിങ് ഏരിയ അടുക്കളയിൽ നിന്ന് മുറ്റം മാറി തെക്കു പടിഞ്ഞാറേ വശത്തായിരിക്കും. മലബാറിൽ, നടുമുറ്റത്തോടു കൂടിയ രണ്ടോ മൂന്നോ നിലകളുള്ള വീടുകൾ സാധാരണമായിരുന്നു. അടുക്കളയുള്ളതിനാൽ വടക്കു കിഴക്കു ഭാഗം എപ്പോഴും ഒറ്റ നിലയായിട്ടാണ് ചെയ്തിരുന്നത്. കിടപ്പുമുറികൾ സുഖ ശീതളമാക്കാൻ അവ തെക്കു പടിഞ്ഞാറേ ഭാഗത്തായിരുന്നു. തൊഴുത്തുകൾ, പടിപ്പുരകൾ എന്നിവയും വാസ്തു അനുസരിച്ചായിരുന്നു ക്രമീകരിച്ചിരുന്നത്. തച്ചുശാസ്ത്രമനുസരിച്ചായിരുന്നു വൃക്ഷങ്ങൾ പോലും നട്ടിരുന്നത്.

നാലുകെട്ടുകൾ സംരക്ഷിക്കുമ്പോൾ

പഴയ വീടുകളുടെ ലേഔട്ടിന് അടിസ്ഥാനം സാങ്കേതികവിദ്യയെക്കാൾ കൂടുതലായി സാമൂഹ്യവും അനുഷ്ഠാനപരവുമായ ആചാരങ്ങളായിരുന്നു. അതുകൊണ്ടാണ് ഓരോ നാട്ടിലെയും വീടുകൾ അവിടത്തെ ആചാരങ്ങളുമായി സരിച്ച് വ്യത്യാസമായിരുന്നത്. ഇപ്പോഴത്തെ സാമൂഹ്യബന്ധങ്ങളും ജീവിതരീതികളും തീർത്തും മാറിയതുകൊണ്ട് ഇന്നത്തെ കാലത്ത് അത്തരമൊരു നിർമാണരീതിയുടെ പ്രസക്തി നഷ്ടപ്പെട്ടു.

പഴയ വീടുകൾ 'ഓൾഡ് ഫാഷൻഡ്' ആയി മാറിയിരിക്കുന്നു. അവയുടെ മുറികൾക്ക് പൊക്കം കുറവാണ്. മാത്രമല്ല, ജനലുകളുടെ വലുപ്പം കുറവുമാണ്. അറ്റാച്ച്ഡ് ബാത്റൂമുകളും ഇല്ല. കിടപ്പുമുറികൾ ഉറക്കത്തിനു വേണ്ടി മാത്രമായിരുന്നതിനാൽ അവയ്ക്കകത്ത് കൂടുതൽ ഇരുട്ടായിരുന്നു.

പുതിയ തലമുറയിലെ ആളുകൾ പഴയ വീടുകൾ നശിപ്പിക്കുന്നത് പലപ്പോഴും കെട്ടിടത്തിന് ബലം കുറഞ്ഞതുകൊണ്ടല്ല. പകരം കെട്ടിടത്തിന് സൗന്ദര്യവും സൗകര്യവും പോരാ എന്നതുകൊണ്ടാണ്.

കൊളോണിയൽ ആർക്കിടെക്ചറും പരമ്പരാഗത വാസ്തുകലയെ സ്വാധീനിച്ചിട്ടുണ്ട്. ബ്രിട്ടീഷുകാർ ഡിസൈൻ ചെയ്ത കെട്ടിടങ്ങളിലും കാലാവസ്ഥയ്ക്കനുസരിച്ച പരമ്പരാഗത കാര്യങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ട്.

പക്ഷേ പിന്നീടെപ്പോഴോ പരമ്പരാഗത ആർക്കിടെക്ചറും മോഡേൺ ആർക്കിടെക്ചറും സമാന്തരമായി ചലിക്കാൻ തുടങ്ങി. എൻജിനീയർമാരും ആർക്കിടെക്ടുമാരും പാശ്ചാത്യ പുസ്തകങ്ങൾ പഠിക്കാൻ തുടങ്ങി. ജീവിതശൈലിയും ചിന്താഗതിയും പാശ്ചാത്യവൽക്കരിക്കപ്പെട്ടതോടെ, പരമ്പര്യത്തിന്റെ മൂല്യം കുറഞ്ഞു. പരമ്പരാഗത കുലത്തൊഴിലാളികളും അവഗണിക്കപ്പെട്ടു.

പരമ്പരാഗത വാസ്തുകല ഒരു സ്ക്രേറ്റെ സ്റ്റേറ്റ്മെന്റ് ആയിരുന്നില്ല. അത് ഒരു വലിയ അറിവ് ആയിരുന്നു. ഓരോന്നു ചെയ്യുന്നതിനും ഓരോ കാര്യകാരണങ്ങൾ ഉണ്ടായിരുന്നു. കാലാവസ്ഥയ്ക്കും പ്രാദേശിക സാമഗ്രികൾക്കുമുള്ള പ്രാധാന്യം വച്ചു നോക്കുമ്പോൾ അവയുടെ പ്രസക്തി ഇന്നും നിലനിൽക്കുന്നു. പരമ്പരാഗത ആർക്കിടെക്ചറിന്റെ നല്ല വശങ്ങൾ ആധുനിക രീതിയിൽ അവതരിപ്പിക്കേണ്ടിയിരിക്കുന്നു. ■

പരമ്പരാഗത വാസ്തുകല ഒരു വലിയ അറിവ് ആയിരുന്നു. കാലാവസ്ഥയ്ക്കും പ്രാദേശിക സാമഗ്രികൾക്കും ചേരുന്നതായിരുന്നു അത്.